"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ക്ലാസ് ഫോർ ജീവനക്കാരുടെ പെൺമക്കൾക്കുള്ള വിവാഹത്തിന് വായ്പ അനുവദിക്കുന്ന പദ്ധതി - മാനന്തവാടി എള്ളുമന്ദം പ്രീമെട്രിക് ഹോസ്റ്റലിലെ കുക്ക് ശ്രീമതി ബിന്ദു പി. കൃഷ്ണന് വായ്പ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.398/2026/SCSTD തീയതി,തിരുവനന്തപുരം, 21-05-2026

---

പരാമർശം:- 1. GO(P) No.82/2023/Fin തീയതി, 01.08.2023.

2. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 09.03.2026-ലെ STDD/550/2026-G1 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികവർഗ്ഗവികസന വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ മാനന്തവാടി ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിന്റെ നിയന്ത്രണത്തിലുള്ള എള്ളുമന്ദം പ്രീമെട്രിക് ഹോസ്റ്റലിൽ കുക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ബിന്ദു പി. കൃഷ്ണന്റെ മകളായ കുമാരി സ്നേഹ സന്തോഷിന്റെ വിവാഹത്തിനായി 3,00,000/- (മൂന്ന് ലക്ഷം രൂപ) വായ്പ അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പട്ടികവർഗ്ഗവികസന വകുപ്പിനു കീഴിൽ വയനാട് ജില്ലയിൽ മാനന്തവാടി ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസിന്റെ നിയന്ത്രണത്തിലുള്ള എള്ളുമന്ദം പ്രീമെട്രിക് ഹോസ്റ്റലിൽ കുക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ബിന്ദു പി. കൃഷ്ണന്റെ മകളായ കുമാരി. സ്നേഹ സന്തോഷിന്റെ വിവാഹത്തിനായി പരാമർശം (1) ഉത്തരവ് പ്രകാരം 6% പലിശനിരക്കിൽ 3,00,000/- (മൂന്നു ലക്ഷം രൂപ മാത്രം) രൂപ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി വായ്പ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഇതുമായി ബന്ധപ്പെട്ട ചെലവ് "7610- സർക്കാർ ജീവനക്കാർക്കുള്ള വായ്പകൾ - 800- മറ്റ് മുൻകൂറുകൾ - 90 - ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹത്തിനുള്ള മുൻ കൂറുകൾ" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ii) തുക കൈമാറുന്നതിന് മുൻപായി അപേക്ഷകയിൽ നിന്നും 200/- രൂപ വിലയുള്ള മുദ്ര പത്രത്തിൽ നിശ്ചിത മാതൃകയിലുള്ള സമ്മതപത്രം ഒപ്പിട്ട് വാങ്ങേണ്ടതാണ്.

iii) പരമാവധി തിരിച്ചടവ് കാലാവധി അറുപത് തവണകളായി നിജപ്പെടുത്തേണ്ടതും തുക

കൈപ്പറ്റിക്കഴിഞ്ഞ് തൊട്ടടുത്ത മാസം മുതൽ തിരിച്ചടവ് ആരംഭിക്കേണ്ടതുമാണ്.

iv) മുതലിനത്തിൽ തിരിച്ച്പിടിക്കുന്ന തുക '7610-സർക്കാർ ജീവനക്കാർക്കുള്ള വായ്പകൾ-800-മറ്റ് മുൻകൂറുകൾ - 90 - ക്ലാസ് IV ജീവനക്കാരുടെ പെൺമക്കളുടെ വിവാഹത്തിനുള്ള മുൻകൂറുകൾ-രസീത്' എന്ന ശീർഷകത്തിലും ശേഷം പലിശയായി ഈടാക്കുന്ന തുക '0049-04-118-96 - other advances' എന്ന ശീർഷകത്തിലും ഒടുക്കേണ്ടതാണ്.

v) ജീവനക്കാരി സേവനത്തിൽ നിന്ന് വിരമിക്കുന്നതിന് 1 വർഷത്തിന് മുൻപ് തിരിച്ചടവ് (മുതലും പലിശയും ഉൾപ്പെടെ) പൂർത്തീകരിച്ചിരിക്കണം. അടവ് തുക ശേഷിക്കുന്നുണ്ടെങ്കിൽ അത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ DCRG യിൽ നിന്ന് ക്രമീകരിക്കേണ്ടതാണ്.

vi) വായ്പാ തുക യഥാസമയം പിൻവലിച്ച് അപേക്ഷകയ്ക്ക് വിതരണം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ അത് 31.03.2027 - നോ അതിനുമുൻപോ സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതാണ്.

vii) പിൻവലിച്ച് വിതരണം ചെയ്യുന്നതിന് മുൻപായി ലോൺ രജിസ്റ്ററിലും അപേക്ഷകയുടെ സേവനപുസ്തകത്തിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തണം. വായ്പ അനുവദിച്ചു കൊണ്ടുള്ള അനുമതി 2026-27 സാമ്പത്തിക വർഷം തീരുന്നതോടെ റദ്ദാകുന്നതാണ്.

viii) വായ്പ അനുവദിക്കപ്പെട്ട ജീവനക്കാരിയുടെ പേരിൽ മറ്റ് മുൻകൂറുകളൊന്നും തീർപ്പാക്കാനവശേഷിക്കുന്നില്ലെന്ന് വകുപ്പ് തലവൻ ഉറപ്പാക്കേണ്ടതാണ്.

ix) പെൺകുട്ടിയുടെ മാതാപിതാക്കൾ രണ്ടു പേരും ക്ലാസ് IV/പാർട്ട് ടൈം ജീവനക്കാരാണെങ്കിൽ മാതാപിതാക്കളിൽ ഒരാൾക്കു മാത്രമേ വിവാഹധനസഹായത്തിനുള്ള അർഹതയുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ.പി.എസ്
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
2. ശ്രീമതി ബിന്ദു പി. കൃഷ്ണൻ, കുക്ക്, പ്രീമെട്രിക് ഹോസ്റ്റൽ, എള്ളുമന്ദം, മാനന്തവാടി. (പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന).
3. ധനകാര്യവകുപ്പ് (No: Loans-L2/98/2026-FIN (E 3473563) dt 22/04/2026).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
5. ഇൻഫർമേഷൻ ഓഫീസർ, വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Rani K C
Date: 22-05-2026 11:18:15

സെക്ഷൻ ഓഫീസർ